ട്രാൻസ്ഫർ തുടങ്ങിയ കരാറുകൾ ഉണ്ടാക്കുന്നതിന് ആവശ്യമായ നിയമങ്ങളോ ചട്ടങ്ങളോ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണിക്കുന്നുണ്ടോ;

(ഡി) നിയമത്തിന്റെ അഭാവത്തിൽ ഇത്തരം കരാറുകളിൽ സർക്കാർ ഏർപ്പെടുന്നതിൽ നിയമസാധുത ഉണ്ടോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ—ഡി) സ്വകാര്യ പങ്കാളിത്തത്തോടെ ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബി. ഒ. ടി.) തുടങ്ങിയ വ്യവസ്ഥകളിൻമേൽ റോഡു സംബന്ധമായ പ്രോജക്ടുകൾക്കു വേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനായി രൂപീകൃതമായിട്ടുള്ളതാണ് 2001-ലെ കേരള റോഡ് ഫണ്ട് ആക്ട്. ഈ നിയമമനുസരിച്ചുള്ള ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്).†

വ്യാജ പട്ടയങ്ങൾ കണ്ടെത്തുന്നതിനും അവ റദ്ദാക്കുന്നതിനും നടപടി

*9 [845] ശ്രീ. കെ. കെ. ജയചന്ദ്രൻ:
„ കെ. വി. കുഞ്ഞിരാമൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ സർക്കാർ ഭൂമി വ്യാപകമായി കയ്യേറുന്ന സാഹചര്യത്തിൽ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി ഒരു സ്വതന്ത്ര അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ കയ്യേറിയ ഭൂമിക്ക് വ്യാജ പട്ടയങ്ങൾ സമ്പാദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജപട്ടയങ്ങൾ കണ്ടെത്തുന്നതിനും അവ റദ്ദാക്കുന്നതിനും അധികാരമുള്ള ഒരു സ്വതന്ത്ര ജുഡീഷ്യൽ അതോറിറ്റിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പരിഗണനയിലില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലക്കാട്, ഇടുക്കി ജില്ലകളിൽ ഭൂമി കയ്യേറി വ്യാജപട്ടയങ്ങൾ സമ്പാദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

അഡ്വക്കേറ്റ്സ് പ്രോവിഡന്റ് ഫണ്ട് രൂപീകരണം

*10 [846] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് മാതൃകയിൽ സംസ്ഥാനത്തെ വക്കീലൻമാർക്കായി ഒരു അഡ്വക്കേറ്റ്സ് പ്രോവിഡന്റ് ഫണ്ട് രൂപീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

ഇതു സംബന്ധിച്ച് ഇപ്പോൾ ഒരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

എയ്ഡഡ് സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

*11 [847] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാനുള്ള അധികാരം സർവ്വകലാശാലകളിൽനിന്നും മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സർക്കാരിന്റെ അനുമതി തേടണം എന്ന വ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അദ്ധ്യാപക-അനദ്ധ്യാപകരുടെമേൽ നടപടിയെടുക്കാൻ സർക്കാർ നിർദ്ദേശിച്ചാൽ അത് അനുസരിക്കുന്നതിന് മാനേജ്മെന്റിന് ഇപ്പോൾ ബാദ്ധ്യതയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly